**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 27.01.2016–ലെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.45 മണിക്ക് ബഹു. നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 20.01.2016–ലെ മിനിട്സ് അംഗീകരിച്ചു

**2. പൊതുവിഷയങ്ങൾ**

2.1 **1213** തദ്ദേശഭരണ സ്ഥാപനങ്ങൾ **2016.48** കോടി രൂപ (**33.18** %) ചെലവഴിച്ച തായും ഇതിൽ **978** ഗ്രാമപഞ്ചായത്തുകൾ **1184.63** കോടി രൂപയും (**37.25** %), **152** ബ്ലോക്ക് പഞ്ചായത്തുകൾ **271.16** കോടി രൂപയും **37.02 %) 14** ജില്ലാ പഞ്ചായത്തുകൾ **248.14** കോടി രൂപയും (**27.32** %), **65**മുനിസിപ്പാലിറ്റികൾ **188.53** കോടി രൂപയും, (**29.42**%), **5** കോർപ്പറേഷനുകൾ **124.00** കോടി രൂപയും (**23.13** %), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 മുഹമ്മ ഗ്രാമപഞ്ചായത്ത് (ഫയൽനം.5/ഡി.ബി.3/16/തസ്വഭവ)**

സാന്ത്വനം പാലിയേറ്റീവ് കെയർ പദ്ധതിക്കായി വാഹനം വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടതിന്മേൽ പരിഷ്ക്കരിച്ച പാലിയേറ്റീവ് കെയർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുവേണം വാഹനം വാങ്ങേണ്ടതെന്ന് നിഷ്കർഷിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.30/ഡി.ഡി.2/16/തസ്വഭവ)**

ബ്ലോക്ക് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളിലെ അംഗൻവാടികളിൽ ഗ്യാസ് കണക്ഷൻ ലഭ്യമാക്കുന്നതിന് ബ്ലോക്ക് വിഹിതമായി 45 ശതമാനം തുക സംയുക്ത പദ്ധതിയായി വിനിയോഗിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.12/ഡി.ഡി.2/16/തസ്വഭവ)**

ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തത് പ്രകാരം ഇ–ടെണ്ടർ മുഖേന മാത്രമേ നടപ്പിലാക്കാവൂ എന്ന കർശന വ്യവസ്ഥയിൽ 2015–16–ലെ മെയിന്റനൻസ് ഗ്രാന്റ് 11.92 ലക്ഷം രൂപ ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ക്യാബിൻ നിർമ്മിക്കുന്നതിനും റാക്കുകൾ സ്ഥാപിക്കുന്നതിനും അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 തേജസ്വിനി ഇക്കോഫാം ടൂറിസം സൊസൈറ്റി (ഫയൽനം.32/ഡി.എ1/16/തസ്വഭവ)**

തേജ്വസിനി എന്ന സംഘടനയുടെ നിവേദനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും പ്രതീക്ഷിക്കുന്ന സഹായങ്ങളെക്കുറിച്ച് സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ പ്രത്യേക തീരുമാനം ആവശ്യമില്ലെന്ന് തീരുമാനിച്ചു. (നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

KARUNA എന്ന പേരിലുള്ള തെരുവുനായ നിയന്ത്രണ പദ്ധതിയിൽ മൊബൈൽ ഓപ്പറേഷൻ തിയേറ്റർ സജ്ജമാക്കുന്നതിനും വാഹനം വാങ്ങുന്നതിനും അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ചു. സംയുക്ത പദ്ധതിയിൽ ഫണ്ട് കൈമാറി എടുക്കാൻ 09.05.2015-ലെ ജി.ഒ.(പി)187/2015 ഫിൻ ഉത്തരവ് പ്രകാരം സാധ്യമല്ലാത്തതിനാൽ ഫണ്ട് കൈമാറുന്നതിനും പ്രത്യേക അക്കൗണ്ട് ആരംഭിക്കുന്നതിനും എന്തു ചെയ്യാൻ കഴിയുമെന്ന് ധനകാര്യ വകുപ്പിനോട് ആരായാൻ 20.01.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം തീരുമാനിച്ചിട്ടുണ്ടെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പഞ്ചായത്ത് ഡയറക്ടറുടെ കത്ത്**

ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോക ബാങ്ക് ധനസഹായം, വികസന ഫണ്ട് എന്നിങ്ങനെ വിവിധ അക്കൗണ്ടുകളിൽ ഫണ്ട് ലഭിക്കാത്തതും പരസ്പരം മാറിപ്പോയതും സംബന്ധിച്ച പ്രശ്നങ്ങൾ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഫയൽ നീക്കം നടത്താൻ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 വേങ്ങര ഗ്രാമപഞ്ചായത്ത്**

ദുരുപയോഗം ചെയ്യാൻ ഏറെ സാദ്ധ്യത ഉള്ളതിനാൽ സ്വകാര്യ വാഹനം പഞ്ചായത്ത് വാഹനമായി ഉപയോഗിക്കാൻ അനുവദിക്കുന്നത് തെറ്റായ കീഴ് വഴക്കം സൃഷ്ടിക്കുമെന്ന് 20.06.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിരീക്ഷിച്ചിരുന്നു. വാഹനത്തിന്റെ ഇന്ധനം ഉൾപ്പെടെയുള്ള ചെലവുകൾ പഞ്ചായത്ത് വഹിക്കേണ്ടതില്ല എന്ന നിബന്ധനയിൽ സ്വകാര്യ വാഹനം ബോർഡ് വച്ച് പഞ്ചായത്ത് വാഹനമായി ഉപയോഗിക്കാനാവുമോ എന്ന കാര്യത്തിൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ സ്പഷ്ടീകരണം തേടാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 സ്വതന്ത്ര തൊഴിലാളി യൂണിയൻ കോട്ടയം ജില്ലാ കമ്മിറ്റിയുടെ കത്ത്**

ആശാ വർക്കർമാരുടെ പ്രതിമാസ ഹോണറേറിയം 1000 രൂപയിൽ നിന്ന് 3000 രൂപയായി ഉയർത്തണമെന്ന ആവശ്യം അടുത്ത യോഗത്തിൽ ചർച്ച ചെയ്യാനായി മാറ്റി വച്ചു. ആരോഗ്യ വകുപ്പു നിയോഗിച്ച ആശ വർക്കർമാർക്ക് ആരോഗ്യ വകുപ്പാണ് വേതനം നൽകുന്നതെന്നും അതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിന് ഇക്കാര്യത്തിൽ എന്തു ചെയ്യാനാകുമെന്ന് പരിശോധിക്കേണ്ടതുണ്ടെന്നും യോഗം അഭിപ്രായപ്പെട്ടു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 നെന്മേനി ഗ്രാമപഞ്ചായത്ത് (ഫയൽനം. 198/ഡി.എ2/2015/തസ്വഭവ)**

MGNREGS ൽ മെറ്റീരിയൽ കമ്പോണന്റ് ഇനത്തിൽ 2009-10-ൽ വാങ്ങിയ പൈപ്പുകളുടെ വിലയിൽ ബാക്കി നൽകാനുള്ള 311510 രൂപ MIS ൽ വിവരം രേഖപ്പെടുത്താതെ ഏതു സ്രോതസ്സിൽ നിന്നായാലും നൽകുന്നത് ഉചിതമല്ലാത്തതിനാൽ ഇക്കാര്യത്തിൽ MGNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ ഉപദേശം സ്വീകരിച്ച് വകുപ്പുതല നടപടിക്ക് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കുറുവ  ഗ്രാമപഞ്ചായത്ത് (ബഹു. മങ്കട എം.എൽ.എ. ശ്രീ. റ്റി.എ അഹമ്മദ് കബീർ മുഖേന)**

2015–16 വാർഷിക പദ്ധതിയിൽ പട്ടിക ജാതി  വിദ്യാർത്ഥികൾക്ക്  ബാഗ്, ചെരുപ്പ്, കുട, നോട്ട് ബുക്ക്, ടേബിൾ ലാമ്പ്  എന്നിവ നൽകാനും എൽപി–യുപി വിദ്യാർത്ഥികൾക്ക് ഡയറി നൽകാനും  അനുമതി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

തുടർ ചെലവുകൾ  അതത് പി.റ്റി.എ വഹിക്കണമെന്നും  സ്ക്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിന് അനുസൃതമായി വാഹനത്തിന്റെ സീറ്റുകളുടെ എണ്ണം നിശ്ചയിക്കണമെന്നുമുള്ള വ്യവസ്ഥയിൽ  പഞ്ചായത്തിലെ  മൂന്ന് സർക്കാർ എൽ.പി. സ്ക്കൂളുകൾക്കും ഒരു സർക്കാർ യു.പി. സ്ക്കൂളിനും വാഹനം  വാങ്ങി നൽകുന്നതിന് അനുമതി നൽകി  തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്**

പഞ്ചായത്തിന്റെ പഴയ വാഹനം  പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായി നൽകാൻ അനുവദിക്കണമെന്ന ആവശ്യം   അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 കോഡൂർ  ഗ്രാമപഞ്ചായത്ത്**

എയ്ഡഡ് പ്രൈമറി സ്ക്കൂൾ ലൈബ്രറികൾക്ക് 15 അലമാരകളും, എയ്ഡഡ് പ്രൈമറി സ്ക്കുളുകൾക്ക് 9 കമ്പ്യൂട്ടറുകളും, എയ്ഡഡ് ഹൈസ്ക്കുളിന് ബാൻഡ് സെറ്റും  വാങ്ങി നൽകിയ ഇനത്തിൽ ചെലവാക്കിയ തുകയ്ക്ക് സാധൂകരണം നൽകണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 എടരിക്കോട് ഗ്രാമ പഞ്ചായത്ത് (ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി  മുഖേന)**

എടരിക്കോട് ഗ്രാമപഞ്ചായത്തിൽ  എം.എൽ.എയുടെ ആസ്തി വികസന ഫണ്ട്  ഉപയോഗിച്ച്  നിർമ്മിച്ച പഞ്ചായത്ത് കെട്ടിടത്തിന്റെ വൈദ്യുതീകരണവും ഫർണിച്ചർ സജ്ജമാക്കലും  നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച്  നിർവഹിക്കാൻ  അനുവദിക്കണമെന്ന ആവശ്യം പരിഗണിച്ചു. കൈമാറിക്കിട്ടിയ  സ്ഥാപനങ്ങൾക്ക്  മെയിന്റനൻസ്  ആവശ്യമില്ലെന്ന കാരണത്താൽ  പ്രസ്തുത  ആവശ്യം ഒരു പ്രത്യേക കേസായി അനുവദിക്കാൻ  തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(രാവിലെ 9.15 മണിക്ക്  അവസാനിച്ചു)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 2016 ഫെബ്രുവരി 3 ന്  രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്.**